**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 189 03.02.2020-ൽ മറുപടിക്ക്

## മംഗളൂർ പോലീസ് നോട്ടീസ് അയച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മംഗളൂരുവിലെ വെടിവെപ്പുമായി ബന്ധപ്പെട്ട് ഹാജരാകാൻ ആവശ്യപ്പെട്ട് മംഗളൂർ പോലീസിന്റെ നോട്ടീസ് കിട്ടിയവരിൽ എത്ര മലയാളികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) പോലീസ് റിപ്പോർട്ട് പ്രകാരം ഏകദേശം 400 ഓളം പേർക്കാണ് ക്രിമിനൽ നടപടി ചട്ടം 41 (A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചത്. |
| (ബി) ഏതെല്ലാം ജില്ലകളിൽപ്പെട്ട എത്രപേർക്കാണ് ഇത്തരത്തിൽ നോട്ടീസ് കിട്ടിയതെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) ദൈനംദിന ജീവിതത്തിന്റെ ഭാഗമായി തൊട്ടടുത്ത പ്രദേശമായ മംഗളൂരുവിലേക്ക് പോകുന്ന മലയാളികൾക്കെതിരെ കേവലം ടവർ പരിശോധനയുടെ അടിസ്ഥാനത്തിൽ മംഗളൂർ പോലീസ് നോട്ടീസ് അയച്ച നീതീകരിക്കാനാവാത്ത നടപടിക്കെതിരെ സംസ്ഥാന ഗവൺമെന്റ് ഏതു തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) ഇത് സംബന്ധിച്ച് വിവരം ആരാഞ്ഞുകൊണ്ട് കാസർഗോഡ് ജില്ലാ പോലീസ് മേധാവി കർണ്ണാടക പോലീസ് മേധാവിക്ക് കത്തയച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി കർണ്ണാടക സംസ്ഥാന പോലീസ് മേധാവിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ആവശ്യമുള്ള പക്ഷം കൂടുതൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) നോട്ടീസ് ലഭിച്ച മലയാളികളിൽ ഒരു വർഷത്തിലധികമായി നാളിതുവരെ മംഗളൂർ നഗരം കാണാത്തവരും ഉണ്ടെന്ന് പറയപ്പെടുന്ന ഇത്തരത്തിലുള്ള നിരപരാധികൾ കേസിൽപെടാതിരിക്കാൻ സർക്കാർ ഇടപെടാനുദ്ദേശിക്കുന്ന രീതികൾ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ